പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2726 — 11.02.2020 ൽ മറുപടിക്ക്

## ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ ആശുപത്രികളിൽ ഒഴിവുള്ള ജീവനക്കാരുടെ തസ്തികകൾ നികത്താനും ആവശ്യമുള്ളിടത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ മാത്രം 3159 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കും, പ്രവേശന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കും നിയമനം നടത്തി വരുന്നു.<br><br>സ്പെഷ്യാലിറ്റി കേഡർ തസ്തികയിലെ ഒഴിവുകൾ Placement നൽകുന്നതിലൂടേയും വകുപ്പുതല ഉദ്യോഗകയറ്റ കമ്മിറ്റി കൂടി ലിസ്റ്റ് ആകുന്ന മുറയ്ക്കും നികത്തുന്നതാണ്.<br><br>ഫാർമസിസ്റ്റ് ഗ്രേഡ് 2, സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 എന്നീ തസ്തികകളിലെ ഒഴിവുകൾ ടി തസ്തികകളിലെ നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർമാർ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ഹെൽത്ത് സൂപ്പർവൈസർ എന്നീ തസ്തികകളിൽ 31.01.2020 വരെ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും സ്ഥാനകയറ്റം നടത്തി നികത്തിയിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>റേഡിയോഗ്രാഫർ, ദന്തൽ ഹൈജീനിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, ഇ.സി.ജി.ടെക്നീഷ്യൻ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ എന്നിവയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദന്തൽ മെക്കാനിക് തസ്തികയിൽ ഒഴിവ് നിലവിലില്ല. |

| | | | |
|---|---|---|---|
| | | | പബ്ലിക് ഹെൽത്ത് നഴ്സിംഗ് വിഭാഗത്തിൽ പ്രിമെയിൻ ഹെൽത്ത് സൂപ്പർവൈസറി ട്രെയിനിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥാനകയറ്റം നടത്തുന്നതിനും എൻട്രികേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തിയ ആശുപത്രികൾക്കു മാത്രമായി തസ്തിക സൃഷ്ടിക്കൽ നിജപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആർദ്രം പദ്ധതി പ്രകാരമുള്ള സമാഹൃത പ്രൊപ്പോസൽ പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനും ട്രൈബൽ തിരദേശ സ്ഥാപനങ്ങളിൽ ഉള്ള ആരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുമാണ് നിലവിൽ സർക്കാർ പ്രാധാന്യം നൽകി വരുന്നത്. |
| (സി) | ആർദ്രം പദ്ധതിയിലുൾപ്പെടാത്തതും എന്നാൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ പ്രവർത്തനത്തിന് തടസ്സം നേരിടുന്നതുമായ വിവിധ ആശുപത്രികളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും തസ്തികകൾ ആവശ്യമെങ്കിൽ അവ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | അത്തരം ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള വ്യക്തമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ